(ഡി) നിയമനാധികാരം മാനേജർമാർക്കാണെങ്കിലും നിശ്ചിത ഒഴിവിൽ തന്നെയാണോ നിയമിച്ചിട്ടുള്ളതെന്നും, ശരിയായ യോഗ്യത നേടിയിട്ടുള്ളവരെത്ത ന്നെയാണോ നിയമിച്ചതെന്നും, നിയമിക്കപ്പെട്ട ഒഴിവിലേക്ക് മുൻപ് നിയമനം നേടി അവകാശം ലഭിച്ചവർ ആരെയും ഒഴിവാക്കിയിട്ടില്ല എന്നും ഉറപ്പു വരുത്തിയിട്ടാണ് നിയമനം വിദ്യാഭ്യാസ ആഫീസർമാർ അംഗീകരിക്കുന്നത്.

എയ്ഡഡ് സ്കൂളുകളുടെ അപ്ഗ്രഡേഷൻ

149 [732] *ശ്രീ. എ. എ. അസീസ്:*

,, *കോവൂർ കുഞ്ഞുമോൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര എയ്ഡഡ് സ്കൂളുകളാണ് അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(ബി) അതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) & (ബി) സംസ്ഥാനത്ത് എയ്ഡഡ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടില്ല.

അംഗീകാരമില്ലാത്ത സ്കൂളുകൾ

150 [733] *ശ്രീ. ബിനോയ് വിശ്വം:*

,, *പി. എസ്. സുപാൽ:*

,, *മാങ്കോട് രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവർത്തനം തുടങ്ങി അഞ്ചു വർഷമാകാത്ത അംഗീകാരമില്ലാത്ത സ്കൂളുകൾ പൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള സ്കൂളുകളുടെ ലിസ്റ്റ് തയ്യാറായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ ജില്ലയിലും എത്ര വീതമെന്ന് ഇനംതിരിച്ച് വെളിപ്പെടുത്താമോ;

(സി) ഇത്തരം സ്കൂളുകൾ അടച്ചുപൂട്ടുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) അഞ്ചുവർഷത്തിനുമേൽ പ്രവർത്തിച്ചുവരുന്ന എത്ര സ്കൂളുകൾക്ക് ഇതിനകം അംഗീകാരം നൽകിയെന്നും ഇനി എത്ര സ്കൂളുകൾക്ക് അംഗീകാരം നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly